# ഇന്ത്യ-സ്വീഡൻ വിദേശകാര്യ സംഭാഷണം

മേയ് 04, 2024

ഇന്ത്യ-സ്വീഡൻ വിദേശകാര്യ സംഭാഷണത്തിന്റെ (FOC) ഏഴാമത് സെഷൻ 2024 മേയ് 3-ന് സ്റ്റോക്ക്ഹോമിൽ നടന്നു. ഇന്ത്യൻ സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ്) ശ്രീ. പവൻ കപൂറും സ്വീഡിഷ് സംഘത്തെ സ്വീഡൻ വിദേശകാര്യ മന്ത്രാലയത്തിലെ സ്റ്റേറ്റ് സെക്രട്ടറി ശ്രീ. ജാൻ കനുട്സണും നയിച്ചു.

2. എല്ലാ മേഖലകളിലുമുള്ള ഉഭയകക്ഷി സഹകരണത്തിന്റെ പുരോഗതിയെ ഇരുവിഭാഗവും സ്വാഗതം ചെയ്യുകയും നവീകരണവും സുസ്ഥിരതയും, വ്യാപാരവും നിക്ഷേപവും തുടങ്ങിയ മുൻഗണനാ മേഖലകളിലെ ഭാവി സഹകരണം ചർച്ച ചെയ്യുകയും സെമികണ്ടക്ടറുകൾ, ഹരിത ഉരുക്ക്, ഹരിത ബാറ്ററികൾ തുടങ്ങി പുത്തൻ സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ ഇന്ത്യ-സ്വീഡൻ ഇൻഡസ്ട്രി ട്രാൻസിഷൻ പങ്കാളിത്തത്തിനു കീഴിൽ ലീഡ്ഐടിയുടെ സംഭാവന പ്രത്യേക പരാമർശ വിഷയമായി. സൈബർ സുരക്ഷയും ഭീകരവാദത്തെ നേരിടലും ഉൾപ്പെടെയുള്ള സുരക്ഷാ കാര്യങ്ങൾ ഇരുവിഭാഗവും ചർച്ച ചെയ്യുകയും പ്രതിരോധ മേഖലയിൽ സംയുക്ത സഹകരണം പരിഗണിക്കാൻ ധാരണയിൽ എത്തുകയും ചെയ്തു.

3. ശക്തവും അതിവേഗം വളരുന്നതുമായ സാമ്പത്തിക ബന്ധങ്ങളെ ഇരുവിഭാഗവും പ്രകീർത്തിക്കുകയും B2B ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പായി ഇന്ത്യ സ്വീഡൻ ഇന്നവേഷൻ ബ്രിഡ്ജ്, ഇന്ത്യ സ്വീഡൻ ഇന്നവേഷൻ ദിനം, ഇന്ത്യ സ്വീഡൻ സുസ്ഥിരതാ ദിനം എന്നിവ ആചരിക്കേണ്ടതിന്റെ പ്രാധാന്യം ചർച്ച ചെയ്യുകയും ചെയ്തു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ സ്വീഡനിലെ ഇന്ത്യൻ സമൂഹം നൽകുന്ന സംഭാവനയെ ഇരുകൂട്ടരും അഭിനന്ദിച്ചു.

4. യുഎൻഎസ്‌സിയുടെ പരിഷ്കരണത്തിൽ, പ്രത്യേകിച്ച് ഭാവി ഉച്ചകോടിയുടെ രൂപീകരണത്തിലുള്ള സഹകരണം സംബന്ധിച്ച് കാഴ്ചപ്പാടുകൾ കൈമാറി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഉഭയകക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വർദ്ധിച്ചുവരുന്ന സഹകരണത്തിൽ യോഗം സംതൃപ്തി രേഖപ്പെടുത്തുകയും ഇരുകൂട്ടർക്കും പ്രയോജനകരമായ ഇന്ത്യ-ഇയു എഫ്ടിഎ വേഗത്തിൽ

നടപ്പാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും ചെയ്തു. ഇരു രാജ്യങ്ങൾക്കും താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുപക്ഷവും കാഴ്ചപ്പാടുകൾ പങ്കുവച്ചു.

5. അടുത്ത റൗണ്ട് സംഭാഷണം ഇരു രാജ്യങ്ങൾക്കും സൗകര്യപ്രദമായ തീയതിയിൽ ന്യൂഡൽഹിയിൽ നടത്താൻ ഇരുവിഭാഗവും സമ്മതിച്ചു.

**ന്യൂഡൽഹി**
**മേയ് 04, 2024**